DEV/ACD/FMT 019/R0

# ദേവമാത സി.എം.ഐപബ്ലിക്സ്കൂൾ

## മിഡ്ടേംടെസ്റ്റ് 2017-18

**Class IX** **മലയാളം** ***Mark: 80***

***TIME: 3hrs***

### എ വിഭാഗം

**I.** ഖണ്ഡികവായിച്ച്ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക. (5x2=10)

ആഖ്യാന സ്വഭാവമുള്ള നാടൻപാട്ടുകളാണ്കഥാഗാനങ്ങൾ. സംഭവബഹുലമായഒരുജീവിതത്തിന്റെ അപദാനമായിഏതെങ്കിലുംഒരുസംഭവത്തിന്റെആഖ്യാനമോ വിവരണമോആണ്കഥാഗാനം. ഏതെങ്കിലുംഒരുസന്ദർഭത്തെ പുനരാഖ്യാനം ചെയ്യാനുള്ളഒരു പ്രവണതയും അങ്ങനെ ചെയ്യുമ്പോൾ മനുഷ്യമനസ്സിലെഏതൊരുചേതനയെതൃപ്തിപ്പെടുത്തുന്നുവെന്നതുമാണ്കഥാഗാനങ്ങളുടെ സാർവലൗകികതക്ക്കാരണം. ദേശഭേദമനുസരിച്ച് തെക്കൻ പാട്ടുകൾ, വടക്കൻ പാട്ടുകൾഎന്ന്കഥാഗാനങ്ങളെതിരിച്ചിരിക്കുന്നു. ആധുനികഗവേഷകർ നാടൻ കഥാഗാനങ്ങളെഅവയുടെ പശ്ചാത്തലം, രസാനുഭൂതി, ധർമ്മം എന്നിവയുടെഅടിസ്ഥാനത്തിൽതരംതിരിക്കുന്നു.

കഥാഗാനങ്ങളുടെ പൊതുസ്വഭാവത്തെ കണക്കിലെടുത്ത് ജനകീയകഥാഗാനങ്ങൾ, പാരമ്പര്യ കഥാഗാനങ്ങൾ, കവന കഥാഗാനങ്ങൾ എന്നിങ്ങനെ തരംതിരിക്കാം.

1. എങ്ങനെയുള്ള നാടൻ പാട്ടുകളാണ്കഥാഗാനങ്ങൾ?
2. കഥാഗാനം എന്നാലെന്ത്?
3. കഥാഗാനങ്ങളുടെസാർവലൗകികതക്ക്കാരണമെന്ത്?
4. ആധുനികഗവേഷകർ നാടൻ കഥാഗാനങ്ങളെതരംതിരിക്കുന്നതെങ്ങനെ?
5. ഖണ്ഡികക്ക്ഉചിതമായശീർഷകം നൽകുക.

### ബി വിഭാഗം

**II.** വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽസമൂഹത്തിൽബോധവല്ക്കരണ ക്ലാസ്സുകൾസംഘടിപ്പിക്കണമെന്ന്ആവശ്യപ്പെട്ടുകൊ ് ട്രാഫിക് പോലിസ് കമ്മിഷണർക്ക് കത്തെഴുതുക. ( 7)

**III.** ആശയംവികസിപ്പിച്ച്ഒരുഖണ്ഡികതയാറാക്കുക. ( 3)

‘‘കുഴിവെട്ടിമൂടുകവേദനകൾ
കുതികൊൾകശക്തിയിലേക്ക് നമ്മൾ’’

**IV.** ഏതെങ്കിലുംഒꢀ വിഷയത്തെ കുറിച്ച്ര   ് പുറത്തിൽകവിയാതെ ഉപന്യസിക്കുക. ( 6)

1. ഇന്നത്തെ തൊഴിൽരംഗത്തെ സമർപ്പണവുംമൂല്യബോധവും
2. കുടുംബ ബന്ധങ്ങൾ അന്നുംഇന്നും
3. പ്ലാസ്റ്റിക് ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

## സി. വിഭാഗം

**V.** 1. പ്രയോഗംമാറ്റുക. (1)

വളരെനേരം ആ അപരിചിതൻ കടത്തുകാരനാൽ ശ്രദ്ധിച്ചു നോക്കപ്പെട്ടു.

2. അംഗ–അംഗിവാക്യങ്ങൾവേർതിരിക്കുക. (1)

വാരാണസിയിൽഎത്തുന്നതിന്
മുൻപുള്ളസ്റ്റേഷനിൽവച്ച്ഒരുവെയിറ്റർഊണുകൊ   ുവന്നു.

3. തെറ്റ്തിരുത്തുക. (1)

പ്രതീക്ഷിച്ചതുപോലെ ആ രാത്രിഏകദേശംഎട്ടുമണിയോടെഅയാൾഎന്റെ
ഫ്ളാറ്റിൽവന്ന് പേഴ്സ്തിരികെതന്നു.

4. അർഥവ്യത്യാസമെഴുതുക. (1)

   1. നിലം– നലം (ഭൂമി, പൊത്ത്, നന്മ, ദയ )
   2. ഭ്രമം – ശ്രമം (സ്വഭാവം, അധ്വാനം, ഉത്സാഹം, വിസ്മയം )

4. വിപരീതപദമെഴുതുക. (1)

   1. സരസം ( നീരസം, വീരസം, നവരസം, വിരസം )

5. നാനാർഥപദങ്ങൾ എടുത്തെഴുതുക. (1)

   1. കളി( വിനോദം, കഴമ്പ്, കുഴമ്പ്, സാമോദം )

6. പര്യായപദങ്ങൾ എടുത്തെഴുതുക. (1)

   1. വിധവ ( വിതർദി, വിഷഭി, വിതന്തു, വേദിക )

7. പിരിച്ചെഴുതിസന്ധി നിർണയിക്കുക. (2)

   1. പരിഭ്രമിക്കുക.
   2. കൈയിൽ

8. വിഗ്രഹിച്ച്സമാസം നിർണയിക്കുക. (2)

1. ഗവേഷണ പഠനം
2. തുല്യസ്ഥാനികർ

9. വാക്യത്തിൽ പ്രയോഗിക്കുക. (1)

1. പൊടിപൊടിക്കുക.

## ഡിവിഭാഗം

**VI.** ബ്രാക്കറ്റിൽ നിന്നുംശരിയായഉത്തരംതെരഞ്ഞെടുത്തെഴുതുക. (5x1=5)

1.
കാലംകടന്നുപോകവേഅവന്റെ മന്ദഹാസംകടത്തുകാരന്റേതിനോട്ഏറെസാമ്യമുള്ളതായി''. ആരുടെ?

( വാസുദേവന്റെ, സിദ്ധാർഥന്റെ, ചക്രവർത്തിയുടെ, പോരാളിയുടെ)

2. ''ഭൂമിമുഴുവനായിവിഴുങ്ങി പെരുതായിതീർന്ന കടൽ പോലെ അനേകം ജന്മങ്ങൾ ജീവിച്ച്ചുളിവുകൾവീണമുഖം''എന്തിനെക്കുറിച്ചാണ്വിശേഷിപ്പിക്കുന്നത്?

( എം എൻ വിജയന്റെകൃതികളെ, ചങ്ങമ്പുഴ കവിതകളെ, വൈലോപ്പിള്ളികവിതകളെ, ഇടപ്പള്ളികവിതകളെ )

3. അന്തിയായാൽവിളക്ക് കത്തിപ്പാൻ ത്വരയാർന്നിരിക്കുന്നതാരാണ്?

(ഉഡു പംക്തി, വിളക്ക്, മിന്നാമിë ങ്ങ്, സൂര്യാംശു )

4. ആപത്തിൽ അന്യോന്യം തുണക്കാൻ ദൈവം മനുഷ്യന് നല്കിയിരിക്കുന്നതെന്ത്?

(വിജ്ഞാനം, വിവേകം, വിശ്വാസം, വിചിന്തനം)

5. മാനവികതയുടെആത്മാവ് നിറഞ്ഞു നില്ക്കുന്നുഏതിൽ?

( യതിയിൽ, അച്ഛനിൽ, സിങ്ങിൽ, അമ്മയിൽ )

**VII.** ഉത്തരമെഴുതുക. (8x4=32)

1. മിന്നാമിനുങ്ങിന്റെ പ്രവൃത്തിയെഉദാഹരിച്ചുകൊ ്കവി നല്കുന്ന സന്ദേശമെന്ത്?

2. 'മറ്റൊരുവ ിക്കാള മാനുഷാകാരം പൂ ി-
ട്ടറ്റത്തുവ ിക്കയിലിരിപ്പൂകൂനിക്കൂടി'

വ ിക്കാരനെ മറ്റൊരുവ ിക്കാളഎന്ന് വിളിക്കാൻ കാരണമെന്ത്?

3. 'ഒരു നാൾ ഗ്രാമവീഥിതന്നിലായ്ക ുഞ്ഞാനെൻ
കരളുനടുങ്ങവേയിമ്മട്ടാമൊരുരംഗം'-എന്തായിരുന്നുരംഗം?

4. കാഴ്ചയുടെയുംകേൾവിയുടെയുംഎന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തിയ അക്രൂരനു ാകുന്നത്?

5. ‘പെട്ടെന്ന്തോന്നിയത്ലോകംതവിടുപൊടിയായിപ്പോയെന്നാണ്’.ഈ തോന്നലിന് കാരണമായസന്ദർഭമേത്?
6. സമകാലികരായകവികളിൽ നിന്ന്വൈലോപ്പിള്ളി എങ്ങനെ വേറിട്ടു നില്ക്കുന്നു. വിശദമാക്കുക.
7.നദി സിദ്ധാർഥന് പകർന്ന് നല്കിയഅറിവുകൾഎന്തെല്ലാമാണ്?
8. ‘‘ അമ്മ ് എന്നെ ഓർമ്മയില്ലല്ലോ’’ അയാൾ ചിരിക്കാൻ ശ്രമിച്ചുകൊ ് പറഞ്ഞു. ‘‘നിനക്കമ്മെയെ ഓർമ്മയു േ ാ ഗോപി’’ . ഈ സംഭാഷണംകഥയുടെവൈകാരികതലംതീവ്രമാക്കുന്നതെങ്ങനെ?

**VIII.**താഴെതന്നിരിക്കുന്ന ചോദ്യങ്ങളിൽഏതെങ്കിലുംഒന്നിന് ഉത്തരമെഴുതുക.( 5)
1. ശ്രീരാമകൃഷണദേവന്റെ നയനങ്ങൾ വിടർന്നു. നരേന്ദ്രൻ തന്റെ പിൻഗാമിയാകുന്നതിന് ഒരുങ്ങിക്കഴിഞ്ഞിരുന്നുവെന്ന് ഗുരുവിന് ബോധ്യമായി’. സന്ദർഭം വിശദമാക്കുക.
2. നരേന്ദ്രന്റെ കൂർമ്മ ബുദ്ധിക്ക് നിദാനമായ സംഭവം വിവരിക്കുക.

****